# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 148**

**6.01.2014- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതി

**ചോദ്യം**

**ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ**

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെ യായി എന്ന് വിശദമാക്കാമോ ?

**മറുപടി**

**ശ്രീ. കെ.ബാബു**
**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)**

വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- വിഴിഞ്ഞം തുറമുഖ പദ്ധതിയ്ക്കായി 2011 ജൂൺ, ജൂലൈ മാസങ്ങളിൽ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രാലയം അംഗീകരിച്ച ടേംസ് ഓഫ് റഫറൻസ് പ്രകാരമുള്ള എല്ലാ പഠനങ്ങളും നിയമാനുസൃതമായ നടപടി ക്രമങ്ങളും പൂർത്തിയാക്കി. ഇതനുസരിച്ച് എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റി പദ്ധതിയ്ക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രാലയത്തിനോട് ശുപാർശ ചെയ്തിട്ടുണ്ട്.ഇതനുസരിച്ച് അന്തിമ പാരിസ്ഥിതികാനുമതി ഉടനെ ലഭ്യമാകും.
- പദ്ധതിയുടെ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ടും മാസ്റ്റർ പ്ലാനും തയ്യാറാക്കി.
- പദ്ധതിയ്ക്ക് കേന്ദ്രസർക്കാരിന്റെ

വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (V.G.F) ലഭ്യമാക്കുന്നതിനുവേണ്ടി ലാൻഡ് ലോഡ് മോഡലിൽ നിലനിർത്തിക്കൊണ്ടുതന്നെ പദ്ധതിയുടെ ഘടന പുനർ നിർണ്ണയിച്ചിട്ടുണ്ട്.

- ഇതനുസരിച്ച് പദ്ധതിയുടെ ബ്രേക്ക് വാട്ടർ, അസോസിയേറ്റഡ് ഡ്രഡ്ജിങ് ആന്റ് റിക്ലമേഷൻ, ഫിഷ് ലാൻഡിങ് സെന്റർ, കോസ്റ്റ് ഗാർഡിനും ഇൻഡ്യൻ നേവിയ്ക്കും വേണ്ടിയുള്ള ബെർത്ത് എന്നിവയുടെ നിർമ്മാണത്തിനുള്ള ഇ.പി.സി. ടെൻഡറിന്റെ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ഉം, പദ്ധതിയുടെ സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള പബ്ലിക് പ്രൈവറ്റ് പാർട്നർ ഷിപ്പ് (P.P.P) ടെൻഡറിനുവേണ്ടിയുള്ള റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ഉം ഡിസംബർ നാലാം തീയതി പുറപ്പെടുവിച്ചിട്ടുണ്ട്.
- പദ്ധതിയിൽ ഇൻഡ്യൻ നേവിയുടേയും ഇൻഡ്യൻ കോസ്റ്റ് ഗാർഡിന്റേയും പങ്കാളിത്തത്തിനായി കോസ്റ്റ് ഷെയറിംഗിന്റെ അടിസ്ഥാനത്തിൽ, ആവശ്യമായ ബെർത്തും അനുബന്ധ പ്രവർത്തനങ്ങൾക്കായുള്ള സ്ഥലവും നൽകുവാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.
- പദ്ധതിയെ കബോട്ടാഷ് നിയമത്തിൽ നിന്നും ഒഴിവാക്കുന്നതിന് വേണ്ടിയുള്ള

അപേക്ഷ കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന് സമർച്ചിട്ടുണ്ട്.

- പദ്ധതിയ്ക്ക് ഏറ്റവും അത്യാവശ്യമായിട്ടുള്ള ബാക്ക് അപ് ഏരിയ (41.94.554 ഏക്കർ), റോഡ് കണക്ടിവിറ്റി (19.26.748 ഏക്കർ), ട്രക്ക് ടെർമിനൽ (49.25.945 ഏക്കർ), എന്നിവ മുഴുവനായും, വെയർ ഹൗസിങ്ങിനായുള്ള 102.57.910 ഏക്കറിൽ 80.11.318 ഏക്കറും ഏറ്റെടുത്തിട്ടുണ്ട്.
- പദ്ധതിയ്ക്ക് ആവശ്യമായ ജലം എത്തിക്കുന്നതിനായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി.
- പദ്ധതിയ്ക്കാവശ്യമായ വൈദ്യുതി എത്തിക്കുന്നതിനുള്ള 220 കെ.വി. ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.
- പദ്ധതിയ്ക്കായുള്ള റെയിൽവേ ലൈൻ നിർമ്മാണത്തിന്റെ ഡ്രാഫ്റ്റ് പ്രോജക്ട് റിപ്പോർട്ട് റെയിൽ വികാസ് നിഗം ലിമിറ്റഡ് (R.V.N.L) പൂർത്തിയാക്കി. പദ്ധതിക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര റെയിൽവേ മന്ത്രാലത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ